കാശ്മീർ നാഷണൽ കോൺഫറൻസും പോലെയുള്ള പ്രാദേശികപാർട്ടികൾ മുതലായവയാണ് പിന്നീട് പരിഗണിക്കപ്പെടേണ്ടവ. ഒരു തലയും ഒരു വാലുമുള്ള ധൂമകേതുപോലെ, ഒരു നേതാവും ഏതാനും അനുയായികളും മാത്രമുള്ള ചെറുപാർട്ടികൾ വേറെയുമുണ്ട്. തിരഞ്ഞെടുപ്പുകാലത്ത് മുന്നണികളിൽ കടന്നുകൂടി, നിയമസഭകളിൽ ഏതാനും സീറ്റുകളും മന്ത്രിസഭയിലും കോർപ്പറേഷനുകളിലും ഒന്നോ രണ്ടോ കസേരകളും കൈക്കലാക്കുകയെന്ന പരിമിത ലക്ഷ്യമേ ഇവയ്ക്കെല്ലാമുള്ളു. പ്രവർത്തനക്ഷമമായ ഒരു ജനാധിപത്യഭരണം നാട്ടിൽ ഉണ്ടാക്കി നിലനിർത്താൻ ഒരു സംഭാവനയും ഈ ഈർക്കിൽപ്പാർട്ടികൾ നൽകുന്നില്ല.

ഒരു പാർട്ടിയെന്ന നിലയിൽ കോൺഗ്രസ്സിനു പല ന്യൂനതകളുമുണ്ട്. പക്ഷേ, എതിർപക്ഷത്തുള്ള ഒരു പാർട്ടിയും കോൺഗ്രസ്സിനെക്കാൾ മെച്ചമെന്നു പറയാനില്ല. ശരിയായ മെംബർപട്ടികയോ യഥാകാലം തിരഞ്ഞെടുത്ത പദവിധാരികളോ പരിപാടികൾ ആസൂത്രണംചെയ്തു നടപ്പിൽ വരുത്തുന്നതിനുള്ള ജനാധിപത്യസംവിധാനമോ ആശയങ്ങൾ മുകളിൽനിന്നു താഴോട്ടും താഴെനിന്നു മേലോട്ടും ഒഴുകുന്നതിനുള്ള സൗകര്യമോ ഒരു പാർട്ടിയിലുമില്ല. ഈ പാർട്ടികളെല്ലാം എങ്ങനെ പണം ശേഖരിക്കുന്നു എന്നതു് ഒരു പരമരഹസ്യമാണ്. പാർട്ടിഫണ്ടുകളിൽ—എല്ലാ പാർട്ടികളുടെയും ഫണ്ടുകളിൽ—വളരെ വലിയ ഒരു ശതമാനം കള്ളപ്പണമാണെന്ന് പൊതുജനങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ അതിന് അവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. സ്വന്തം പാർട്ടിയുടെ കണക്കുകൾ പരസ്യമായി പ്രഖ്യാപിക്കാനുള്ള ധൈര്യം ഇന്ത്യയിൽ ഇന്ന് ഏതു പാർട്ടിക്കുണ്ട്?

ഇന്ത്യയിൽ ജനാധിപത്യത്തിനു ഭദ്രമായ അടിസ്ഥാനമുണ്ടാക്കാൻ ഇന്നു നിലവിലുള്ള പാർട്ടിസ്സംവിധാനങ്ങൾ പര്യാപ്തങ്ങളല്ല. പക്ഷേ, വോട്ടർമാർ നിസ്സഹായരാണ്. തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടശേഷം പാർട്ടികൾ ഒറ്റയ്ക്കോ കൂട്ടുചേർന്നോ നിർത്തുന്ന കുറ്റിച്ചൂലുകൾക്ക് വോട്ട്ചെയ്യാനോ ചെയ്യാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം മാത്രമല്ലേ വോട്ടർമാർക്കുള്ളൂ?

(8 ഒക്ടോബർ, 1988)

## 28. ബോഫോർസ് കോഴ

'ഒരു കറയും പുരളാത്ത വ്യക്തി' (മിസ്റ്റർ ക്ലീൻ) എന്ന പ്രശസ്തിയുമായാണ് 1984 നവംബറിൽ ശ്രീ രാജീവ്ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയായി ഭരണസാരഥ്യം ഏറ്റെടുത്തത്. ഇന്ത്യയുടെ പ്രധാനമന്ത്രിമാരിൽ ഏറ്റവുമധികം അഴിമതിയാരോപണങ്ങൾക്കു വിധേയനായ വ്യക്തി എന്ന കുപ്രസിദ്ധി നിർഭാഗ്യവശാൽ ഇതിനകം അദ്ദേഹത്തിനു കൈവന്നിരിക്കുന്നു.

ശ്രീ രാജീവ്ഗാന്ധിക്കെതിരായ അഴിമതിയാരോപണങ്ങൾക്കു വഴി തുറന്നുകിട്ടിയതു് തീരെ പ്രതീക്ഷിക്കാത്ത ഒരിടത്തുനിന്നാണ്. സ്വീഡനിലെ നോബൽസ്ഥാപനങ്ങളിൽ ഒന്നായ 'ബോഫോർസ്' എന്ന ആയുധക്കമ്പനിയിൽനിന്ന് ആയിരക്കണക്കിനു കോടിരൂപ വിലവരുന്ന പീരങ്കികൾ വാങ്ങാൻ ഇന്ത്യാഗവൺമെന്റ് കരാറുണ്ടാക്കിയിരുന്നു. ഇടത്തട്ടുകാരെ കൂട്ടിത്തൊടുവിക്കാതെ സ്വീഡിഷ് പ്രധാനമന്ത്രിയുടെ സഹായത്തോടെ ഇന്ത്യാഗവൺമെന്റും ബോഫോർസ് കമ്പനിയും തമ്മിൽ നേരിട്ട് ആലോചിച്ച് ഉണ്ടാക്കിയ ഈ കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് ഏജന്റുമാർക്കു കമ്മീഷൻ നൽകുന്നതല്ലെന്നും, കമ്മീഷൻ തുക പീരങ്കികളുടെ വിലയിൽ കുറവുചെയ്യിട്ടുണ്ടെന്നും ഇന്ത്യയിൽ പ്രഖ്യാപിക്കപ്പെട്ടിരുന്നു.

ഇതു ശരിയല്ലെന്നും ഇന്ത്യാഗവണ്മെൻറിൽനിന്ന് ഇത്തരമൊരു കരാർ നേടുന്നതിനായി ബോഫോർസ് കമ്പനി വളരെ വലിയ തുകകൾ ചിലർക്കു കൈക്കൂലിയായി നൽകുകയുണ്ടായെന്നും സ്വീഡിഷ് റേഡിയോ പരസ്യപ്പെടുത്തി. ഇങ്ങനെ കൈക്കൂലി കൊടുക്കുന്നതു് സ്വീഡനിലെ നിയമത്തിനെതിരാണ്. അതിനാൽ കുററംചെയ്ത സ്വീഡിഷ് വ്യവസായികളെ ശിക്ഷിക്കണമെന്നതായിരുന്നു റേഡിയോവിൻെറ ആവശ്യം. ഇന്ത്യയിലെ പത്രങ്ങൾ പോലെ സ്വീഡനിലെ റേഡിയോ സ്വകാര്യമേഖലയിൽപെട്ടതാണ്; അതിനാൽ സർക്കാരിനും മുതലാളികൾക്കും ഒക്കെ എതിരായി സ്വീഡിഷ് റേഡിയോ ആരോപണം ഉന്നയിക്കാറുണ്ട്.

സ്വീഡിഷ് റേഡിയോവിൻെറ ആരോപണങ്ങളെ ഇന്ത്യാഗവണ്മെൻറ് നിഷേധിച്ചു. പക്ഷേ, പത്രങ്ങളും പ്രതിപക്ഷപാർട്ടികളും ഈ ആരോപണങ്ങൾ കൂടെക്കൂടെ ആവർത്തിച്ചുകൊണ്ടിരുന്നു. ധനകാര്യമന്ത്രിയായിരുന്ന ശ്രീ വി. പി. സിംഹിന് സ്ഥാനചലനവും ഒടുവിൽ സ്ഥാനഭ്രംശവും സംഭവിച്ചതു് ഈ ആരോപണവ്യവസായത്തിന് ആക്കംകൂട്ടി. ബോഫോർസ് ഇടപാടിൽ എന്തെങ്കിലും അഴിമതിയുണ്ടായതായി വിവരം കിട്ടുന്ന നിമിഷത്തിൽ കുററവാളികൾക്കെതിരെ ഏററവും കർശനമായ നടപടികൾ കൈക്കൊള്ളാൻ ഇന്ത്യാഗവണ്മെൻറ് മടിക്കുന്നതല്ലെന്ന് പ്രധാനമന്ത്രി രാജീവ്ഗാന്ധി 1987 ഏപ്രിൽ 28-ാം തീയതി രാജ്യസഭയിലും ലോകസഭയിലും പ്രസ്താവിച്ചു. ഈ അഴിമതിക്കാര്യം അന്വേഷിക്കുന്നതിനായി ഒരു സംയുക്തക്കമ്മററിയെ (ജെ. പി. സി.) പാർലമെൻറ് നിയമിക്കുകയും ചെയ്തു. ഇതെഴുതുമ്പോഴും ഈ കമ്മിററി തെളിവെടുപ്പു നടത്തിക്കൊണ്ടിരിക്കുകയാണ്.

ഇന്ത്യൻ സൈന്യത്തിനു പീരങ്കികൾ വിൽക്കുന്നതിനുള്ള കരാറുമായി ബന്ധപ്പെടുത്തി നാല്പതുകോടി രൂപയെങ്കിലും ബോഫോർസ് കമ്പനി കോഴയായി ആക്കൊക്കെയോ നൽകിയിട്ടുണ്ട് എന്ന് ഇതിനകം പരസ്യമായിട്ടുണ്ട്. ഈ തുക ഏതെങ്കിലും വ്യക്തിക്ക് നേരിട്ടു കൊടുക്കുകയല്ല ഉണ്ടായിട്ടുള്ളതു്. സ്വിററ്സർലാൻഡ്, ലിക്‌തൻസ്റ്റൈൻ മുതലായ ചില യൂറോപ്യൻ രാജ്യങ്ങളിലും തെക്കെ അമേരിക്കയിലെ ചില രാജ്യങ്ങളിലും നിശ്ചിതമായ ഫീസ് സർക്കാരിനു കൊടുത്താൽ ആർക്കും ഒരു കമ്പനി രജിസ്റ്റർ ചെയ്യാം. ഈ കമ്പനിയുടെ ഉടമ, മൂലധനം, ആസ്തി, ബാദ്ധ്യത, പ്രവർത്തനം മുതലായവ സംബന്ധിച്ച ഒരു വിവരവും സർക്കാർ പുറത്തുവിടുകയില്ല. എല്ലാം പരമരഹസ്യമായിരിക്കും. ഇത്തരം കള്ളക്കമ്പനികളുടെ പേരിലോ സ്വകാര്യ വ്യക്തികളുടെ പേരിലോ ഈ രാജ്യങ്ങളിലെ ബാങ്കുകളിൽ പണം നിക്ഷേപിക്കുകയുംചെയ്യാം. ഇങ്ങനെ പണം നിക്ഷേപിക്കുന്നവരുടെയോ അക്കൗണ്ട് ഉടമകളുടെയോ പേരും അവർ എന്തു ചെയ്യുന്നു എന്ന വിവരവും അവരുടെ പേരിൽ നിക്ഷേപിക്കപ്പെട്ട പണം എത്രയുണ്ടെന്നോ എവിടെനിന്നു കിട്ടിയെന്നോ ഉള്ള വിവരങ്ങളും ബാങ്ക് ഉദ്യോഗസ്ഥർക്കുപോലും അറിവുണ്ടായിരിക്കയില്ല. അതിനാൽ ഏതു രാജ്യത്തിലെ ഏതു കള്ളനും, ഏതു കവർച്ചമുതലും ഈ ബാങ്കുകളിൽ നിക്ഷേപിക്കാവുന്നതേയുള്ളൂ. കൂടുതൽ സമർത്ഥരായ കള്ളന്മാർ, തങ്ങളുടെ പേര് ഒരിക്കലും പുറത്തു വരരുതെന്നു കരുതി അന്യരാജ്യങ്ങളിൽ രജിസ്റ്റർചെയ്ത കള്ളക്കമ്പനികളുടെ പേരിൽ ഇത്തരം ബാങ്കുകളിൽ അക്കൗണ്ട് തുറക്കുകയും കമ്പനികളുടെ പേരുപോലും പറയാതെ ആ പേരിനു പകരം നിൽക്കുന്ന ചില സംഖ്യകളിലോ (കോഡ്നമ്പർ) രഹസ്യനാമങ്ങളിലോ പണം നിക്ഷേപിക്കുകയും ആണു പതിവ്.

1986 ഫെബ്രുവരി 27 മുതൽ ഡിസംബർ 22 വരെ ബോഫോർസ് കമ്പനി അവരുടെ ചില ഇന്ത്യൻ ഏജൻറുമാരുടെ കള്ളക്കമ്പനികൾക്കു സ്വിസ് ബാങ്കുകളിലുള്ള രഹസ്യക്കണക്കുകളിൽ നടത്തിയ 24 ധനനിക്ഷേപങ്ങളുടെ വിവരം 1988 ഫെബ്രുവരി 3-ാം തീയതിയിലെ 'ഇന്ത്യൻ എക്സ്പ്രസ്സ്' പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മദ്ധ്യ അമേരിക്കയിലെ 'പനാമ' എന്ന

രാജ്യത്തു രജിസ്റ്റർചെയ്ത 'സ്വാൻസ്സ ഇൻ കോപ്പ്റേററഡ്' എന്ന ഒരു കള്ളക്കമ്പനിക്കുവേണ്ടി സ്വിററ്സർലൻഡിലെ 'സൊസൈററി ദെ ബാങ്ക് സ്വിസ്സ്' എന്ന ബാങ്കിലുള്ള 99921—ാം നമ്പർ അക്കൗണ്ടിൽ ആണ്. പതിനാറ് അടവുകളായി, നാല്പതുകോടി രൂപയോളം വരുന്ന ഒരു തുക ബോഫോർസ് കമ്പനിക്കാർ നിക്ഷേപിച്ചിട്ടുള്ളത്. സ്വീഡിഷ് നാണയമായ ക്രോണർ, സ്വിസ് നാണയമായ ഫ്രാങ്ക്, അമേരിക്കൻ നാണയമായ ഡോളർ തുടങ്ങി പല കറൻസികളിലായിരുന്നു ഈ ധനനിക്ഷേപം. ഈ പണം കൈകാര്യംചെയ്ത ബാങ്ക് ഉദ്യോഗസ്ഥന്മാരുടെ പേരുവിവരവും 'ഇന്ത്യൻ എക്സ്പ്രസ്സ്' പത്രം നൽകുന്നുണ്ട്.

ഇതേ ബാങ്കിലൂടെ 'മോറെസ്കോ' എന്ന രഹസ്യനാമമുള്ള കമ്പനിക്കോ വ്യക്തിക്കോ പത്തുകോടി രൂപ വരുന്ന ഒമ്പതു് അടവുകളും, 'ലോട്ടസ്', എന്ന രഹസ്യനാമമുള്ള കമ്പനിക്കോ വ്യക്തിക്കോ നാലു് അടവുകളും ബോഫോർസ് കമ്പനി നടത്തിയതായും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. 'ത്യുലിപ്' 'മോണ്ട്ബ്ലാങ്ക്' എന്നീ രഹസ്യനാമങ്ങളിൽ, 'മോറെസ്ലോ' എന്ന കള്ളക്കമ്പനിക്കുവേണ്ടി 'അമേരിക്കൻ ബാങ്കി'ന്റെ ജനീവ ബ്രാഞ്ചിലും 'മാനുഫാക്ചറേർസ് ഹാനോവർ ട്രസ്റ്റ് കമ്പനി' എന്ന ബാങ്കിലും ക്രെഡിററ് സ്വിസ് എന്ന ബാങ്കിലും ബോഫോർസ് കമ്പനി അഞ്ചുതവണ പണം അടച്ചു. വേറെയും ചില ബാങ്കുകളിൽ, വേറെ ചില പേരുകളിൽ ബോഫോർസിന്റെ കോഴപ്പണമടവു നടന്നതായി 'ഇന്ത്യൻ എക്സ്പ്രസ്സി'ലെ ലേഖനത്തിൽ പറയുന്നുണ്ട്.

വിൻചഡ്ഡ എന്ന ബിസിനസ്സുകാരൻ അമിതാഭ്ബച്ചന്റെ അനുജനായ അജിതാഭ്ബച്ചൻ എന്നിവർക്ക് ഈ കോഴവാങ്ങലിൽ ബന്ധമുള്ളതായി ഇന്ത്യയിൽ പരക്കെ വിശ്വസിക്കപ്പെട്ടുവരുന്നു. ഈ കോഴയപവാദം പൊട്ടിപ്പുറപ്പെട്ട കാലത്തു് ഡില്ലിയിലുണ്ടായിരുന്ന വിൻചഡ്ഡ പിന്നീട് അമേരിക്കയിലേക്കു പോയി. അയാളെ അറസ്റ്റ്ചെയ്തു് ഇന്ത്യയിലേക്കു കൊണ്ടുവരാൻ ഇന്ത്യാഗവണ്മെന്റ് കൈക്കൊണ്ട നടപടികൾ ഫലവത്തായില്ല. അജിതാഭ്ബച്ചൻ സ്വിററ്സർലൻഡിൽ തന്റെ കുട്ടികളെ പഠിപ്പിക്കാൻവേണ്ടി പാർക്കുകയാണെന്നു പറയപ്പെടുന്നു. ഇയാൾ സ്വിററ്സർലൻഡിൽ ഒരു വീടു വാങ്ങിയ കാര്യം പാർലമെന്റിൽ ഉന്നയിക്കപ്പെട്ടിരുന്നു. പ്രധാനമന്ത്രിയുമായി അടുത്ത ബന്ധമുള്ള വേറെ ചിലരുടെ പേരുകളും ഈ അഴിമതിയുമായി ബന്ധപ്പെട്ടു പറഞ്ഞുകേട്ടിരുന്നു.

തനിക്കോ തന്റെ കുടുംബത്തിനോ ഈ അഴിമതിയുമായി ഒരു ബന്ധവുമില്ലെന്നു് ശ്രീ രാജീവ്ഗാന്ധി പ്രസ്താവിച്ചിട്ടുണ്ട്. ഏതാനും മാസങ്ങൾമുമ്പ് ഇന്ത്യ സന്ദർശിച്ച ബോഫോർസ് ഉദ്യോഗസ്ഥരും പ്രധാനമന്ത്രിക്കു് ഈ ഇടപാടിൽ പങ്കില്ലെന്നു പറയുകയുണ്ടായിട്ടുണ്ട്.

പക്ഷേ, ബോഫോർസ് പണം നൽകിയ സ്വിസ്ബാങ്കുകളിലെ കണക്കുകളുടെ യഥാർത്ഥ ഉടമകൾ ആരെന്നു് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കപ്പെടുകയും, അവരെ കൈക്കൂലി വാങ്ങിയ കുറ്റത്തിനു വിചാരണചെയ്തു ശിക്ഷിക്കുകയുംചെയ്യുംവരെ പ്രധാനമന്ത്രി ശ്രീ രാജീവ്ഗാന്ധി സംശയത്തിന്റെ നിഴലിനുള്ളിൽത്തന്നെ നിലകൊള്ളേണ്ടിവരും.

(5 ഫെബ്രുവരി 1988)